# സമഗ്രവിദ്യാലയ വികസനരേഖ

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 – 2026**

# ജി.എൽ.പി. സ്കൂൾ, പെരുവള്ളൂർ

**നടുക്കര, പി.ഒ. പെരുവള്ളൂർ**

**വേങ്ങര സബ് ജില്ല, തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ല**

## സമഗ്രവിദ്യാലയ വികസനരേഖ
## സ്കൂൾ മാസ്റ്റർ പ്ലാൻ

### 1. അടിസ്ഥാന വിവരങ്ങൾ:

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ. പി സ്കൂൾ, പെരുവള്ളൂർ |
| വിലാസം | : | പെരുവള്ളൂർ. പി. ഒ, നടുക്കര, കൊണ്ടോട്ടി വഴി, മലപ്പുറം ജില്ല, പിൻ 673638 |
| ഫോൺ | : | 04942490083 |
| സ്കൂൾ കോഡ് | : | 19836 |
| റവന്യൂ ജില്ല | : | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| ഉപജില്ല | : | വേങ്ങര |
| ബി. ആർ. സി | : | വേങ്ങര |
| സി. ആർ. സി | : | പെരുവള്ളൂർ |
| ഗ്രാമപഞ്ചായത്ത് | : | പെരുവള്ളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തിരൂരങ്ങാടി |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | വള്ളിക്കുന്ന് |
| ലോകസഭാ മണ്ഡലം | : | മലപ്പുറം |
| താലൂക്ക് | : | തിരൂരങ്ങാടി |
| വില്ലേജ് | : | പെരുവള്ളൂർ |
| ഇ. മെയിൽ | : | peruvallurglps@gamil.com |
| ഏരിയ | : | 1 ഏക്കർ |
| സ്ഥാപിത | : | 1957 |

### 2. ആമുഖം:

പെരുവള്ളൂർ പഞ്ചായത്തിലെ നടുക്കര ഗ്രാമത്തിലെ ഏക പ്രൈമറി വിദ്യാലയമാണ് ജി. എൽ. പി. എസ്. പെരുവള്ളൂർ. വയലുകളാൽ ചുറ്റപ്പെട്ട് ഉയർന്ന് കിടക്കുന്ന കരഭാഗമായതുകൊണ്ട് നടുക്കര എന്ന പേര് ലഭിച്ചു. ജാതിമത ഭേദമന്യേ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണിത്. സാധാരണക്കാരുടെ മക്കൾ വിദ്യാഭ്യാസത്തിനുവേണ്ടി ആശ്രയിക്കുന്ന പ്രദേശത്തെ ഏറ്റവും പഴക്കം ചെന്ന സർക്കാർ പ്രൈമറി വിദ്യാലയം കൂടിയാണിത്. നടുക്കര സ്കൂൾ എന്ന പേരലും ഈ വിദ്യാ

ലയം അറിയപ്പെടുന്നു. കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് 6 കിലോമീറ്ററും പരപ്പനങ്ങാടി റെയിൽവേസ്റ്റേഷനിൽ നിന്ന് 15 കിലോമീറ്ററും ദൂരമുണ്ട്.

അനുദിനം മാറിക്കൊരിക്കുന്ന സമൂഹത്തിൽ അനുചിതമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വികസനോന്മുകമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേതുണ്ട്. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 യു. എൻ സുസ്ഥിര വികസന സൂചികകളിലെ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാറ്റിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന്റെ ദൗത്യം എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ്. കേരളം മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ രംഗം അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്രഗുണമേന്മാ വിദ്യാഭ്യാസം അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ കേരളത്തിന് ഈ നേട്ടങ്ങൾ നാഴികക്കല്ലുകളാണ്. വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

**കാഴ്ചപ്പാട്**

''കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു.

**ലക്ഷ്യങ്ങൾ**

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയിലെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു.

- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അദ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിൽ ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാവുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

**3. വിദ്യാലയ ചരിത്രം:**

പ്രശാന്തസുന്ദരമായ നടുക്കര ഗ്രാമത്തിൽ ഊരകം മലയുടെ മടിത്തട്ടിൽ തലയുയർത്തി നില്ക്കുന്ന ഈ സ്ഥാപനം 1957-ലാണ് സ്ഥാപിതമായത്. ആദ്യ പഠിതാവായി എടയാട്ട് കുഞ്ഞാലൻ എന്ന വിദ്യാർത്ഥി ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടി. നടുക്കരയിൽ നിന്ന് ഏകദേശം 1 കിലോമീറ്റർ കിഴക്കുമാറി കാരാട്ടാലുങ്ങൽ മുലവ്വിറുൽ ഉലൂം മദ്രസയിലാണ് സ്കൂൾ ആരംഭിച്ചത്. പിന്നീട് യശഃശരീരനായ മംഗലശ്ശേരി കൃഷ്ണൻ നമ്പൂതിരി സൗജന്യമായി നല്കിയ ഒരേക്കർ സ്ഥലത്ത് താത്കാലിക ഓലഷെഡ് നിർമ്മിച്ച് 1972 വരെ പഠനം നടത്തി. 1972 -ൽ 5 ക്ലാസ്സ് മുറികളോടുകൂടിയ സ്ഥിര കെട്ടിടം നിർമ്മിക്കപ്പെട്ടു. 1982-ൽ 4 മുറികളോട് കൂടിയ മറ്റൊരു കെട്ടിടവും 1996-ൽ ഡി.പി.ഇ.പി ഫുപയോഗിച്ച് ഒരു ക്ലാസ് മുറിയും നിർമ്മിക്കുകയുായി. പിന്നീട് എസ്. എസ്. എ.യിൽ നിന്ന് ലഭിച്ച ഫുകൾ ഉപയോഗിച്ച് ആസ്പറ്റോസ് ഷീറ്റ് മാറ്റി ഓട് മേയുകയും ചുമരുകൾ ചിത്രങ്ങൾ വരച്ച് ഭംഗിയാക്കുകയും ചെയ്തു.

**4. ലക്ഷ്യങ്ങൾ:**

**a. ഭൗതികം - നിലവിലുള്ളത്**

| | | |
|---|---|---|
| ക്ലാസ്സ് മുറികൾ | : | 8 എണ്ണം |
| കമ്പ്യൂട്ടർ ലാബ് | : | 1 |
| ഓഫീസ് | : | 1 |
| കിണർ | : | 1 |
| യൂറിനൽ | : | 3 |
| ടോയ്ലറ്റ് | : | 5 |
| കളിസ്ഥലം | : | ഉണ്ട് |
| പ്രൊജക്ടർ | : | 4 |
| ഇന്റർനെറ്റ് | : | ഇല്ല |
| പ്രിന്റർ | : | 1 |
| വാട്ടർ പ്യൂരിഫയർ | : | 1 |
| വിശ്രമ പാർക്ക് | : | ഉണ്ട് |
| വൈദ്യുതി | : | ഉണ്ട് |
| ആകെ വിദ്യാർത്ഥികൾ | : | ആൺ - 90, പെൺ 100 |
| പ്രീ-പ്രൈമറി (Unrecognised) | : | 66 |

**b. ഭൗതികം - പരിമിതികൾ**

- ആധുനിക രീതിയിലുള്ള (സൗകര്യങ്ങളുള്ളവ) ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സംവിധാനങ്ങളില്ല
- കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ

**d. അക്കാദമികം - നേട്ടങ്ങൾ:**

- എല്ലാ ദിവസവും അസംബ്ലി - തിങ്കൾ അറബിയിലും ബുധനാഴ്ച ഇംഗ്ലീഷിലും അസംബ്ലി നടത്തുന്നു.
- പഞ്ചായത്ത്, സബ്ജില്ലാ കലാകായിക മത്സരങ്ങളിൽ പങ്കാളിത്തം
- എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം
- മുഴുവൻ വിദ്യാർത്ഥികൾക്കും സൈക്കിൾ പരിശീലനം
- എഴുത്തും വായനയും അറിയാത്ത കുട്ടികളെ മുന്നോട്ട് കൊണ്ടുവരുന്നതിനായി മലയാളത്തിളക്കം, ശ്രദ്ധ പരിപാടികൾ

**e. അക്കാദമികം പരിമിതികൾ**

- കുട്ടികളുടെ പഠനനിലവാരം ഇനിയും ഉയരേണ്ടതുണ്ട്
- വിദ്യാലയപ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം ചെലവഴിക്കേതുണ്ട്
- സ്ഥിരം അധ്യാപകരുടെ കുറവ് പരിഹരിക്കേണ്ടതുണ്ട്
- മത്സരപരീക്ഷകൾക്ക് കുട്ടികൾ കൂടുതൽ സജ്ജരാകേണ്ടതുണ്ട്
- രക്ഷിതാക്കളുടെ ശ്രദ്ധ വേണ്ട രീതിയിൽ ഇല്ല
- ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ ലാബ്, റീഡിംഗ് റൂം, കായിക ഉപകരണങ്ങൾ എന്നിവ ആധുനിക വൽക്കരിക്കേണ്ടതുണ്ട്
- കായികം, ക്രാഫ്റ്റ് അധ്യാപകരെ നിയമിക്കണം

**8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിത ശേഷി വികസനം<br>വായനാപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ലാബോറട്ടറി ആധുനികരണം<br>ഇംഗ്ലീഷ് ഭാഷാ വികസനം<br>ശാസ്ത്ര പോഷണ പരിപാടി (ലഘു പരീക്ഷണങ്ങൾ)<br>പ്രവൃത്തി പരിചയം<br>ഒന്നാം ക്ലാസ്സ് ഒന്നാംതരം പച്ചക്കറി തോട്ടം<br>ശില്പശാലകൾ (രചന, അഭിനയം, നാടൻപാട്ട്)<br>മെഡിക്കൽ ക്യാമ്പ്<br>പാവനാടക പരിശീലനം<br>ശില്പശാല, ഒറിഗാമി ശില്പശാല, ഗണിതലാബ്, ഭാഷാലാബ്, ബ്ലോഗ്, സ്കൂൾ വിക്കി, നിരന്ത മൂല്യ നിർണ്ണയം, ദിനാചരണങ്ങൾ, കായിക പരിശീലനങ്ങൾ, കായിക പഠനം, ഐ ടി പരിശീലനം, പഠനയാത്രകൾ, കവിയരങ്ങ്, സാഹിത്യ പോഷണപരിപാടികൾ, ജൈവവൈവിധ്യ പാർക്ക്, എസ്. ആർ. ജി ക്ലാസ് പി. ടി. എ സജീവമാക്കൽ, ഫീൽഡ് ട്രിപ്പുകൾ | പുതിയ കെട്ടിടം<br>കമ്പ്യൂട്ടർ ലാബ്<br>ടൈൽസ് പതിക്കൽ<br>ഓഫീസ് മുറി,<br>സ്റ്റാഫ് റൂം<br>കളിസ്ഥലം<br>ലൈബ്രറി<br>ലബോറട്ടറി<br>അടുക്കള<br>ഡൈനിംഗ് ഹാൾ<br>ചിൽഡ്രൻസ് പാർക്ക്<br>സ്റ്റേജിന് മേൽക്കൂരയും ചുവരും | പി. ടി. എ. SMC, SSG ശാക്തീകരണം<br>പൂർവ്വ വിദ്യാർത്ഥി സംഘടന<br>സംഗമങ്ങൾ<br>വായനശാലകൾ<br>ക്ലബ്ബുകൾ<br>പൂർവാധ്യാപകർ<br>കച്ചവടസ്ഥാപനങ്ങൾ<br>ബാലവാടി എന്നിവയുടെ സഹായം പ്രയോജനപ്പെടുത്തൽ<br>വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>കമ്പ്യൂട്ടർ വിദ്യാഭ്യാസം<br>ലൈബ്രറി വിതരണം പൊതു സമൂഹത്തിന്<br>ഭവന സന്ദർശനം |

| | **മേഖല: അക്കാദമികം**<br>**പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി**<br>**ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം** | | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിലുള്ള നിർദ്ദേശങ്ങൾ മനസ്സിലാക്കാനും പ്രതികരിക്കാനുമുള്ള ശേഷിനേടൽ, ഇംഗ്ലീഷിൽ വായിക്കാനും സംസാരിക്കുവാനുമുള്ള കഴിവ് നേടൽ | ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി, പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, റൈമുകൾ, സ്പീച്ച് മുതലായവ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ. കഥ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | ആഴ്ചയിൽ ഒരുദിവസം വീതം | ക്ലാസദ്ധ്യാപകർ, അസംബ്ലിയുടെ ചുമതലയുള്ള അദ്ധ്യാപകൻ | |
| 2. | **പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ബുള്ളറ്റിൻ**<br>**ഉപമേഖല: ഇംഗ്ലീഷ് സർഗാത്മക രചന** | | | | |
| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| | ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷിനേടൽ | ഓരോ മാസവും ഓരോ വിഷയത്തെ അധികരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>ജൂൺ - മഴ,<br>ജൂലൈ - ......, ഓഗസ്റ്റ്- ....<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജി | എല്ലാമാസവും | ക്ലാസാദ്ധ്യാപകർ, വിദ്യാർത്ഥികൾ | 1000 സ്പോൺസർ |

| | | | | | |
|---|---|---|---|---|---|
| | | നവംബർ - നെഹ്റു<br>ഡിസംബർ - ക്രിസ്മസ്<br>പുതുവർഷം<br>ജനുവരി- ....<br>ഫെബ്രുവരി - ....<br>മാർച്ച് - .... | | | |
| 3. | **പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് റൈമുകളുടെ ശേഖരണം<br>ഉപമേഖല: സർഗാത്മകത** | | | | |
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | എൽ. പി ക്ലാസ്സിലെ കുട്ടികൾക്ക് അനുയോജ്യമായ റൈമുകൾ ശേഖരിക്കൽ | ഇംഗ്ലീഷിലുള്ള ബാലമാസികകൾ ശേഖരിച്ച് ലഘുവായിട്ടുള്ള റൈമുകൾ കണ്ടെത്തി നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തൽ. റൈമുകൾ ഉൾക്കൊള്ളിച്ച് ഇംഗ്ലീഷ് പതിപ്പ് തയ്യാറാക്കൽ. അസംബ്ലിയിൽ അവതരിപ്പിക്കൽ. ICT സാധ്യത നഴ്സറി റൈമുകളുടെ CD ശേഖരിക്കൽ, വീഡിയോ പ്രദർശനം, അസംബ്ലിയിൽ ആക്ഷൻ സോങ്ങ് അവതരിപ്പിക്കൽ | ഒരു വർഷം | വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഇംഗ്ലീഷ് ക്ലബ്ബ്, രക്ഷിതാക്കൾ | 3000– സ്പോൺസർ, രക്ഷിതാക്കൾ, SSA പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 4. | പ്രവർത്തനത്തിന്റെ പേര്: ത്രിമാനരൂപത്തിലുള്ള അക്ഷരങ്ങൾ ശേഖരിക്കൽ<br>ഉപമേഖല: അക്ഷരം ഉറപ്പിക്കൽ | | | | |
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | A മുതൽ Z വരെയുള്ള അക്ഷര ങ്ങളുടെ രൂപം ഉറപ്പിക്കൽ | മാർക്കറ്റിൽ ലഭ്യമായ വിവിധ വലുപ്പത്തിലുള്ള ത്രീ ഡൈമൻഷണൽ ഇംഗ്ലീഷ് അക്ഷരങ്ങൾ ശേഖരിക്കൽ | 2 മാസം | അദ്ധ്യാപകർ | 20000/- സ്പോൺസർ, SSA, PTA പൂർവവി ദ്യാർത്ഥികൾ, വ്യക്തികൾ |
| 5. | പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് കോർണർ<br>ഉപമേഖല: വായന | | | | |
| | ഇംഗ്ലീഷ് ഭാഷയിലുള്ള വായന പ്രോത്സാഹിപ്പിക്കൽ | ക്ലാസ്സിലെ ഒരു മൂലയിൽ കുട്ടി കൾക്കനുയോജ്യമായ ഇംഗ്ലീഷ് ബാലമാസികകൾ ശേഖരിച്ച് വയ്ക്കൽ | വർഷം മുഴു വനും | ഇംഗ്ലീഷ് ക്ലബ്ബ്, ക്ലാ സദ്ധ്യാപകൻ | 8000/ പി ടി എ, വിദ്യാർത്ഥികൾ, സ്പോൺസർ മാർ. |
| 6. | പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഡിക്ഷനറി<br>ഉപമേഖല: അക്ഷരം ഉറപ്പിക്കൽ | | | | |
| | നാലാം ക്ലാസ്സിലെ പഠനം പൂർത്തി യാകുമ്പോഴേക്കും എല്ലാ കുട്ടി കൾക്കും 1 മുതൽ 4 വരെ യുള്ള ക്ലാസ്സുകളിലെ ഇംഗ്ലീഷ് പാഠപുസ്തകങ്ങളിലെ മുഴുവൻ പദവും അവയുടെ | ഓരോ ക്ലാസ്സിലെയും ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്കിലെ പദങ്ങൾ മുഴുവനും പട്ടികയാക്കൽ - അവയുടെ അർത്ഥം ഡിക്ഷണറ യിൽ നിന്നും കണ്ടെത്തി രേഖ പ്പെടുത്തൽ. ICT സാദ്ധ്യത - | ഒരു വർഷം 2018 ജൂൺ മുതൽ 2019 മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ്, അദ്ധ്യാപകർ, വിദ്യാർത്ഥികൾ | |

| | | | | | |
|---|---|---|---|---|---|
| | അർത്ഥവും സ്വായത്തമാക്കുന്നതിന്, പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് | ഓരോ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ പുതിയ പദങ്ങളും അവയുടെ അർത്ഥങ്ങളും പ്രത്യേകം ഫോൾഡറിൽ തയ്യാറാക്കുന്നു. ചിത്രങ്ങളും വീഡിയോയും ഉൾപ്പെടുത്തുന്നു. | | | |

**മേഖല: അക്കാദമികം**

**ഉപമേഖല: മലയാളം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | 2025 | ക്ലാസദ്ധ്യാപകൻ | |
| | | ബാലമാസിക ശേഖരിക്കൽ | ജൂൺ | ഭാഷാക്ലബ്ബ് | 1000 |
| | | ലൈബ്രറിയിൽ നിന്ന് വായനക്കനുയോജ്യമായ ലളിതമായ പുസ്തകം തെരഞ്ഞെടുക്കുക | ജൂൺ, ജൂലൈ | ക്ലാസദ്ധ്യാപകൻ | -- |
| | | വായനക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസദ്ധ്യാപകൻ, വിദ്യാർത്ഥികൾ | -- |
| | | രക്ഷിതാക്കൾക്ക് പുസ്തകവിതരണം | എല്ലാമാസവും | -- | -- |
| | | നന്നായി വായനാകുറിപ്പ് തയ്യാറാക്കിയ കുട്ടികളെ പ്രോൽസാഹിപ്പിക്കുന്നു | എല്ലാമാസവും | ക്ലാസദ്ധ്യാപകൻ | -- |
| | | എല്ലാ ദിവസവും അസംബ്ലിയിൽ പത്രവായന - പത്രം | എല്ലാ പ്രവർത്തി ദിവസങ്ങളിലും | അസംബ്ലിചുമതലയുള്ള അദ്ധ്യാപകൻ/ക്ലാസ് ലീഡർ | 5000 |
| | | ബുള്ളറ്റിൻ ബോർഡ് | ദിവസവും | വിദ്യാർത്ഥികൾ | 2000 |
| | | തലക്കെട്ട്, മഹത്വചനം, കടങ്കഥ, ക്വിസ്, ദിനാചരണം | ദിവസവും | -- | -- |
| | | ദിനാചരണം ലഘുപ്രഭാഷണം | ദിവസവും | -- | -- |
| | | കയ്യെഴുത്ത് മാഗസിൻ | എല്ലാ മാസവും | ക്ലാസദ്ധ്യാപകർ, വിദ്യാർത്ഥികൾ | 8 × 500 = 4000 |

| | | | | | |
|---|---|---|---|---|---|
| | | | | | സ്പോൺസർ, പൂർവ്വ വിദ്യാർത്ഥി കൾ |
| | | അടിക്കുറിപ്പ് മൽസരം, കഥ, കവിത അവ തരണം, പത്രക്വിസ്, മാസാന്തവായന - സമ്മാനം | എല്ലാ മാസവും | വായനാക്ലബ്ബ് | 4000 PTA, SMC, Sponsor |
| | | **<u>മാസാന്ത പ്രവർത്തനങ്ങൾ:</u>** | | | |
| | | ഓരോ ക്ലാസ്സിലേക്കും ഓരോ ദിനപത്രം | ദിവസവും | വായനാക്ലബ്ബ് | 1200 Sponsor |
| | | പുസ്തകം ഒരുക്കൽ:<br>- ലിസ്റ്റ് പ്രദർശിപ്പിക്കൽ<br>- ലൈബ്രേറിയനെ കണ്ടെത്തൽ | ജൂൺ | അദ്ധ്യാപകൻ | |
| | | വായനാകാർഡ് നിർമ്മാണം | എല്ലാ മാസവും | ക്ലാസദ്ധ്യാപകൻ | 1000 SMC, SSA |
| | | പുസ്തക വിതരണാരംഭം | എല്ലാ മാസവും | ക്ലാസദ്ധ്യാപകൻ | |
| | | ദിനാചരണം - വായനാദിനം (ജൂൺ - 19)<br>- വായനാവാരം<br>- പി. എൻ. പണിക്കർ അനുസ്മരണം<br>- പ്രദർശനം<br>- സാഹിത്യക്വിസ്<br>വായന-ബോധവത്കരണം രക്ഷിതാ ക്കൾക്ക് ലൈബ്രറി പുസ്തകം നൽകൽ<br>വായനാക്ലാസ് രൂപീകരിക്കൽ<br>- കുറിപ്പ് തയ്യാറാക്കൽ വായനപ്പുര തയ്യാ റാക്കൽ വിദ്യാരംഗ ക്ലബ്ബ് - ക്ലാസ് തലരൂപീകരണം - ഉദ്ഘാടനം | ഒരു തവണ | വിദ്യാരംഗം, ക്ലബ്ബ് | 2000 |

| | | | | | |
|---|---|---|---|---|---|
| | | ദിനാചരണങ്ങൾ<br>- ഹിരോഷിമാ ദിനം (Aug 6)<br>- നാഗസാക്കി ദിനം (Aug 9)<br>- ക്വിറ്റ് ഇന്ത്യാ ദിനം (Aug 9)<br>- സ്വാതന്ത്ര്യ ദിനം (Aug 15) | | | |
| | | ദിനാചരണകുറിപ്പ് തയ്യാറാക്കൽ<br>- അവതരണം<br>ചിങ്ങം 1 - മലയാള ദിനം<br>(കർഷക ദിനം)<br>CPTA – ൽ പുസ്തക ശേഖരണം | | | |
| | | ഓണാഘോഷം<br>- ഐതീഹ്യ കുറിപ്പ്<br>- വായനാ മത്സരം<br>- ഓണപ്പാട്ട് മത്സരം | | | 1000 |
| | | അധ്യാപക ദിനം (Sep 5)<br>- കുറിപ്പ് തയ്യാറാക്കൽ<br>- അസംബ്ലിയിൽ അവതരണം<br>- Dr. S രാധാകൃഷ്ണൻ<br>അനുസ്മരണം പ്രദർശനം | | | |
| | | സാക്ഷരതാ ദിനം (Sep 8)<br>ഓസോൺ ദിനം (Sep 16)<br>ശ്രീനാരായണ ഗുരുജയന്തി (Sep 21)<br>- ദിനാചരണക്കുറിപ്പ് തയ്യാറാക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| | | - അവതരണം - അസംബ്ലി | | | |
| | | ലോക വൃദ്ധദിനം (Oct-1)<br>ഗാന്ധിജയന്തി (Oct-2)<br>- ഗാന്ധിക്വിസ്<br>-ഗാന്ധിജി വിവിധ കാലഘട്ടങ്ങളിലൂടെ - ചിത്രപ്രദർശനം<br>- കുറിപ്പ് തയ്യാറാക്കൽ<br>- അവതരണം | | | |
| | | ലോകതപാൽ ദിനം (Oct. 7)<br>- കത്തുകൾ പരിചയപ്പെടൽ<br>- ''ഒരച്ഛൻ മകൾക്കയച്ച കത്തുകൾ''<br>- നെഹ്റുവിന്റെ പുസ്തകം വായനാകുറിപ്പ് തയ്യാറാക്കൽ | | | |
| | | ചങ്ങമ്പുഴ ദിനം (Oct. 10)<br>-കവിത ശേഖരണം | | | |
| | | ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ | | | |
| | | വള്ളത്തോൾ ദിനം (Oct.16)<br>- കുറിപ്പ് തയ്യാറാക്കൽ<br>- അവതരണം<br>കേരളപ്പിറവി ദിനം (Nov-1)<br>- കേരളചരിത്രം - കുറിപ്പ്<br>- കേരളം - പ്രദർശനം<br>(ചരിത്രകാരന്മാർ, കവികൾ, സംസ്കാരം, | | | |

| | | | | | |
|---|---|---|---|---|---|
| | | കലകൾ etc....)<br>CV രാമൻ ദിനം (Nov. 1)<br>- കുറിപ്പ് തയ്യാറാക്കൽ<br>ശാസ്ത്ര ദിനം<br>- പ്രദർശനം - ശാസ്ത്ര പുരോഗതി<br>ദേശീയവിദ്യാഭ്യാസ ദിനം (Nov. 11)<br>-മൗലാനാ അബ്ദുൾ കലാം ആസാദ് അനുസ്മരണം<br>-ദേശീയ പക്ഷി നിരീക്ഷണ ദിനം (Nov. 12)<br>- പക്ഷിനിരീക്ഷണ കുറിപ്പ്<br>- പ്രദർശനം<br>ശിശുദിനം (Nov. 14)<br>- ഗാനാലാപനം<br>- പ്രദർശനം<br>- നെഹ്റു ക്വിസ്<br>- കുറിപ്പ് തയ്യാറാക്കൽ<br>പതാക ദിനം (Nov. 23)<br>- പതാക നിർമ്മാണം<br>- നിറം നൽകൽ | | | |
| | | പഴശ്ശിരാജ ചരമദിനം (Nov. 30) കുറിപ്പ് തയ്യാറാക്കൽ<br>കവിയരങ്ങ് - ശില്പശാല<br>- കവിതാരചന | | | |

| | | | | | |
|---|---|---|---|---|---|
| | | സ്കൂൾ മാഗസിൻ<br>- ക്ലാസ് തലമാഗസിൻ<br>(കഥരചന, കവിതാരചനം, അടിക്കുറിപ്പ് തയ്യാറാക്കൽ, കാർട്ടൂൺ, പോസ്റ്റർ, യാത്രാ വിവരണം etc)<br>- ഓരോ മാസവും തയ്യാറാക്കുന്നു<br>- മാഗസിൻ പ്രദർശനം രക്ഷിതാക്കളുടെ കൂട്ടായ്മയിൽ<br>- മികച്ച രചനകൾ കോർത്തിണക്കി സ്കൂൾ മാഗസിൻ | | | |
| | | ക്രിസ്തുമസ് ന്യൂ ഇയർ ആശംസാ കാർഡ് നിർമ്മാണം<br>അക്ഷരം മരം<br>- അക്ഷരങ്ങൾ ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മാണം<br>- അക്ഷരങ്ങൾ (പക്ഷി, ജീവി etc.)<br>- അക്ഷരപ്പാട്ട്<br>- പദനിർമ്മാണ മത്സരം | | | |
| | | റിപ്പബ്ലിക് ദിനം - ക്വിസ് (Jan-26)<br>- കുറിപ്പ് അവതരണം - അസംബ്ലി<br>- കേരളം - പ്രദർശനം<br>(ചരിത്രകാരന്മാർ, കവികൾ, സംസ്കാരം, കലകൾ etc…)<br>- CV രാമൻ ദിനം (Nov. 1)<br>- കുറിപ്പ് തയ്യാറാക്കൽ | | | |
| | | ശാസ്ത്ര ദിനം | | | |

| | | | | | |
|---|---|---|---|---|---|
| | | - പ്രദർശനം - ശാസ്ത്രപുരോഗതി | | | |
| | | ദേശീയ വിദ്യാഭ്യാസ ദിനം (Nov.11)<br>- മൗലാനാ അബ്ദുൾ കലാം<br>-ആസാദ് അനുസ്മരണം | | | |
| | | ദേശീയ പക്ഷി നീരീക്ഷണ ദിനം<br>- പക്ഷിനിരീക്ഷണ കുറിപ്പ്<br>- പ്രദർശനം | | | |
| | | ശിശുദിനം (Nov. 14)<br>- ഗാനാലാപനം<br>- പ്രദർശനം<br>- നെഹ്റു ക്വിസ്<br>- കുറിപ്പ് തയ്യാറാക്കൽ | | | |
| | | പതാക ദിനം (Nov. 23)<br>- പതാക നിർമ്മാണം<br>- നിറം നൽകൽ | | | |
| | | പഴശ്ശിരാജ ചരമദിനം (Nov. 30)<br>- കുറിപ്പ് തയ്യാറാക്കൽ | | | |
| | | കവിയരങ്ങ് - ശില്പശാല<br>- കവിതാരചന | | | |
| | | സ്കൂൾ മാഗസിൻ<br>- ക്ലാസ്തല മാഗസിൻ<br>-(കഥാരചന, കവിതാരചന, അടിക്കുറിപ്പ് തയ്യാറാക്കൽ, കാർട്ടൂൺ, പോസ്റ്റർ, യാത്രാ വിവരണം (etc.) | | | |

| | | | | | |
|---|---|---|---|---|---|
| | | - ഓരോ മാസവും തയ്യാറാക്കുന്നു<br>- മാഗസിൻ പ്രദർശനം<br>രക്ഷിതാക്കളുടെ കൂട്ടായ്മയിൽ<br>- മികച്ച രചനകൾ കോർത്തിണക്കി സ്കൂൾ മാഗസിൻ | | | |
| | | ക്രിസ്തുമസ് ന്യൂഇയർ ആശംസാ കാർഡ് നിർമ്മാണം | | | |
| | | അക്ഷരമരം<br>- അക്ഷരങ്ങൾ, ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മാണം<br>- അക്ഷരങ്ങൾ ഉപയോഗിച്ച് നാമങ്ങൾ (പക്ഷി, ജീവി etc.)<br>- അക്ഷരപ്പാട്ട്<br>- പദനിർമ്മാണ മത്സരം | | | |
| | | റിപ്പബ്ലിക് ദിനം - ക്വിസ് (Jan-26)<br>- കുറിപ്പ് അവതരണം - അസംബ്ലി - സമ്മാനം നൽകൽ | | | |
| | | രക്തസാക്ഷി ദിനം (Jan-30)<br>- ക്വിസ്, കുറിപ്പ് | | | |
| | | ജി. ശങ്കരകുറുപ്പ് ചരമദിനം (Feb -2)<br>- കവിതാശേഖരണം, ആലാപനം<br>- ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>- ആസ്വാദനകുറിപ്പ് | | | |
| | | ശാസ്ത്ര ദിനം - (Feb – 28)<br>- ശാസ്ത്ര കുറിപ്പ് | | | |

| | | | | | |
|---|---|---|---|---|---|
| | | മാതൃദിനം, വനിതാദിനം (March-8)<br>- കുറിപ്പ് തയ്യാറാക്കൽ<br>- രചനകൾ | | | |
| | | ജലദിനം (March-22)<br>- കുറിപ്പ്<br>സ്കൂൾ വാർഷിക മാഗസിൻ<br>- പ്രിന്റിംഗ്<br>- ബൈൻഡിംഗ്<br>- പ്രകാശനം<br>- അമ്മ വായന | | | |
| 2 | ചിഹ്നം, വാക്യഘടന<br>എന്നിവ പാലിച്ച് എഴുതാനുള്ള കഴിവ് വളർത്തുക | അക്ഷരപ്പെട്ടി - ക്ലാസ്മുറിയിൽ അക്ഷര പ്പെട്ടി സജ്ജീകരിക്കൽ<br>- വർണാഭമായ നിറങ്ങളിൽ അക്ഷരങ്ങൾ പെട്ടിയിൽ നിക്ഷേപിക്കുന്നു.<br>- ഓരോ കുട്ടിയും വിട്ടുപോയ അക്ഷര ങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കൽ | 2 മാസം | ഭാഷാക്ലബ്ബ് | 1000 |
| | | ആകാശത്തേക്ക് ഒരു ഏണി<br>- ഏണിപ്പടിയിലെ അക്ഷരങ്ങൾ ഉപയോ ഗിച്ച് ഓരോരുത്തരും വാക്കുകൾ നിർമ്മി ക്കുന്നു.<br>ചിത്രവസന്തം: കഥകളിൽ നാമ ങ്ങൾക്ക് പകരം ചിത്രങ്ങൾ ഉപയോഗിക്കു ന്നു. | | | |
| | കുട്ടികളിൽ സർഗാത്മക കഴിവുകൾ വളർത്തിയെടു | എഴുത്തുത്സവം: കഥ പൂർത്തിയാക്കൽ<br>- കഥാരചന | | | |

| | | | | | |
|---|---|---|---|---|---|
| | ക്കൽ | - അടിക്കുറിപ്പ് തയ്യാറാക്കൽ<br>- വരികൾ കൂട്ടിച്ചേർക്കൽ<br>- കുട്ടിക്കവിതാ രചന<br>- തലക്കെട്ട് നൽകൽ<br>- പോസ്റ്റർ രചന<br>- ക്ലാസ് ബുള്ളറ്റിൻ ബോർഡ്<br>- വ്യക്തിഗത രചന - ക്ലാസ് - അവതരണം | | | |
| | | പദകേളി:<br>- വാക്യങ്ങൾ ക്രമത്തിലാക്കൽ<br>- പാഠപുസ്തകത്തിലെ പുതിയ പദങ്ങൾ ചേർത്ത് പതിപ്പ് നിർമ്മാണം<br>• ദിനാചരണകുറിപ്പ്<br>• അനുഭവകുറിപ്പ്<br>• പരീക്ഷണകുറിപ്പ്<br>• നിരീക്ഷണ കുറിപ്പ്<br>• പഠനയാത്രാവിവരണം<br>• <u>രചനാ ശില്പശാല</u><br>– കഥയരങ്ങ്, കവിയരങ്ങ്, വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിക്കൽ<br>– കുട്ടികളുടെ വ്യക്തിഗത രചനകൾ ക്ലാസ് ബുള്ളറ്റിൻ ചേർക്കൽ<br>– പ്രാദേശിക എഴുത്തുകാരെ കണ്ടെത്തൽ<br>– അനുഭവങ്ങൾ പങ്ക് വെക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| | | – രചനാ നിർദ്ദേശങ്ങൾ നൽകൽ<br>• ചിത്രങ്ങൾ കഥപറയുന്നു<br>– കുട്ടികൾക്ക് ഇഷ്ടപ്പെട്ട ചിത്രം വരച്ച് നിറം നല്കുന്നു<br>– അവയെ കുറിച്ച് ലഘുവാക്യങ്ങൾ രചിക്കുന്നു<br>– കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നു<br>– ചിത്രങ്ങളിലെ ആശയം കണ്ടെത്തുന്നു<br>– കഥ, കവിത, രചന<br>– പോസ്റ്റർ നിർമ്മാണം<br>– കാർട്ടൂൺ<br>– നോട്ടീസ് നിർമ്മാണം<br>• സാഹിത്യ സമാജം<br>– ആഴ്ചയിൽ ഒരിക്കൽ ക്ലാസ്സ് തലത്തിൽ നടത്തുന്നു<br>– കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കുന്നു<br>– ചെറു സമ്മാനങ്ങൾ നൽകുന്നു<br>• അനുഭവങ്ങളിലേക്കൊരു യാത്ര<br>– കലാകേന്ദ്രം സന്ദർശനം (കലാമണ്ഡലം മോയിൻകുട്ടി വൈദ്യർ സ്മാരകം, തുഞ്ചൻ പറമ്പ്) | | | |

| | | | | | |
|---|---|---|---|---|---|
| | | – പ്രാദേശിക പ്രാധാന്യമുള്ള സ്ഥലം സന്ദർശനം<br>(മംഗലശ്ശേരി ഇല്ലം)<br>– പ്രകൃതി ഭംഗി ആസ്വാദനം<br>(വയൽ, കുളം, തോട്, കൊടികുത്തിമല)<br>– യാത്രാ വിവരണം<br>• സർഗ്ഗവസന്തം<br>– കുട്ടികളിലെ സർഗ്ഗ കഴിവുകൾ കണ്ടെത്താൻ കലാമേള സംഘടിപ്പിക്കുന്നു. | | | |

മേഖല : അക്കാദമികം
ഉപമേഖല : ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

| Sl. No. | ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഏജൻസി |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | **പ്രി ടെസ്റ്റ് - മലയാളത്തിളക്കം**<br>പ്രി-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തുന്നു.<br>**അക്ഷരം ഉറപ്പിക്കൽ**<br>ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കൽ<br>**അടയാളങ്ങൾ ഉറപ്പിക്കൽ**<br>ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ | 1 മാസം | അധ്യാപകർ | |
| 2. | കുട്ടികളെ വായനാതൽപരരാക്കുക | **അക്ഷരകാർഡ് നൽകൽ**<br>അക്ഷരകാർഡുകൾ ചേർത്ത് വക്കുകൾ നിർമ്മിക്കുന്നു.<br>വാക്കുകളിലൂടെ വാക്യനിർമ്മാണം.<br>**ചിത്രവായന**<br>ചിത്രം നോക്കി അടിക്കുറിപ്പ് തയ്യാറാക്കൽ<br>**കഥ പൂർത്തിയാക്കാം**<br>ചിത്രം നോക്കി കഥയുടെ ബാക്കി പറയൽ.<br>**കഥാപുസ്തകം നൽകൽ**<br>വായിച്ചു കഥയുടെ അവതരണം | | | |
| 3. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | **ക്ലാസ് വായനക്കൂട്ടം**<br>ക്ലാസിസെ മുഴുവൻ കുട്ടികളേയും ഗ്രൂപ്പു | | | |

| | | | | | |
|---|---|---|---|---|---|
| | | കളാക്കുന്നു. ഗ്രൂപ്പ് വായന നടത്തുന്നു. (പാഠഭാഗവുമായി ബന്ധപ്പെട്ടത്)<br>**വായനമൂല, ക്ലാസ് ലൈബ്രറി**<br>കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>**സ്കൂൾ ലൈബ്രറി നവീകരണം**<br>സ്കൂൾ ലൈബ്രേറിയനെ കണ്ടെത്തുന്നു. പുസ്തകവിതരണം നടത്തുന്നു.<br>**വായനോത്സവം**<br>കുട്ടികളുടെ കൂട്ടായ്മയിലൂടെ വായിച്ച പുസ്തകത്തിന്റെ അനുഭവം പങ്കിടൽ.<br>**പത്രവായന**<br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ. സ്കൂൾ പത്രം തയ്യാറാക്കൽ.<br>**അമ്മ വായന**<br>സ്കൂൾ ലൈബ്രറിയിൽനിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം<br>വായനക്കുറിപ്പ്<br>മികച്ച വായന<br>**വിദ്യാരംഗം കലാ-സാഹിത്യവേദി**<br>വായന, എഴുത്ത് മെച്ചപ്പെടുത്തുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്താൻ അവസരം.<br>വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>സാഹിത്യകാരന്മാരെ ക്ഷണിക്കൽ<br>**ദിനാചരണങ്ങൾ**<br>വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്ത | | 24000 | |

| | | | | | |
|---|---|---|---|---|---|
| | | നങ്ങളും മത്സരവും നടത്തൽ. | | | |
| 4. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | **ക്ലാസ് എഴുത്ത്കൂട്ടം**<br>ക്ലാസിലെ മുഴുവൻ കുട്ടികളേയും ഗ്രൂപ്പുകളാക്കുന്നു.<br>പദനിർമ്മാണം-വാക്യനിർമ്മാണം, വ്യക്തിഗതരചന നടത്തുന്നു.<br>**സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്**<br>കുട്ടികളുടെ രചനകൾ പരസ്പരം കൈമാറുന്നു.<br>**ചുമർപത്രിക, പതിപ്പ് നിർമ്മാണം**<br>സർഗ്ഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ്തലത്തിൽ ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ, പ്രകാശനം നടത്തൽ.<br>**വ്യക്തിഗത രചന, സംഘരചന**<br>കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ. | | | 1500 |

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രം

| Sl. No. | ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഏജൻസി |
|---|---|---|---|---|---|
| 1. | ഗവേഷണ മനോഭാവം വളർത്തൽ | ജലത്തിന്റെ വിവിധ ഉപയോഗങ്ങൾ കണ്ടെത്തൽ<br>രോഗങ്ങൾ പകരുന്നവയും പകരാത്തവയും കണ്ടെത്തൽ.<br>സസ്യങ്ങളുടെ ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തൽ.<br>സസ്യങ്ങളുടെ വിവിധഭാഗങ്ങൾ (വേര്, തണ്ട്, കായ, ഇല, പൂവ്)<br>പ്രാദേശിക സവിശേഷതകൾ കണ്ടെത്തൽ. (തൊഴിൽ, കൃഷി, കളി, ഭൂമിശാസ്ത്രം, ഉത്സവം)<br>പൊതുസ്ഥാപനങ്ങൾ കണ്ടെത്തൽ.<br>വിവിധതരം തൊഴിലുകൾ കണ്ടെത്തൽ.<br>വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം കണ്ടെത്തൽ.<br>ജീവികളുടെ പ്രത്യേകതകൾ കണ്ടെത്തൽ. (ആഹാരരീതി, വാസസ്ഥലം, ശരീരപ്രകൃതി, പ്രജനനരീതി,സഞ്ചാരരീതി).<br>ജലത്തിന്റെ മൂന്ന് അവസ്ഥകൾ തിരിച്ചറിയൽ. ഖരം, ദ്രാവകം, വാതകം).<br>വീട് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ കണ്ടെത്തൽ.<br>ജലത്തിൽ അലിയുന്നവ, അലിയാത്തവ, പൊങ്ങുന്ന | 1 വർഷം | സയൻസ് ക്ലബ്ബ്, ക്ലബ്ബ് കൺവീനർ, എസ്. ആർ.ജി | |

| | | | | | |
|---|---|---|---|---|---|
| | | വ, താഴുന്നവ എന്നിവ കണ്ടെത്തൽ.<br>ലഘുപരീക്ഷണ സന്ദർഭങ്ങൾ വായിച്ച് ലഘുപരീക്ഷണങ്ങൾ ചെയ്യൽ. | | | |
| 2. | ശാസ്ത്രീയ ജിജ്ഞാസ വളർത്തൽ | സൂര്യപ്രകാശത്തിനനുസൃതമായി ചെടിയുടെ വളർച്ചാഘട്ടങ്ങൾ നിരീക്ഷിക്കൽ.<br>ജലത്തിൽ വസ്തുക്കൾക്ക് ഭാരമില്ലെന്നത് കണ്ടെത്തൽ.<br>മഴവില്ലിൽ ഏഴ് നിറങ്ങളുണ്ടെന്ന് തിരിച്ചറിയുന്നു.<br>പഠനയാത്ര<br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>പൂക്കളുടെ വൈവിധ്യം തിരിച്ചറിയൽ (നിറം, മണം, വലുപ്പം, പൂക്കൾ വിടരുന്ന സമയവ്യത്യാസം, ഇതളുകൾ മുതലായവ...).<br>ജീവികളുടെ വൈവിധ്യം തിരിച്ചറിയൽ (ഷഡ്പദം, പറക്കുന്നവ, നടക്കുന്നവ, സസ്തനികൾ, ഉരകങ്ങൾ, ഉഭയജീവികൾ മുതലായവ...).<br>ലഘുനിരീക്ഷണ പ്രൊജക്ടുകളിൽ ഏർപ്പെടുന്നു.<br>പഴങ്ങളുടെ വൈവിധ്യം തിരിച്ചറിയൽ. | ഒരു വർഷം | സയൻസ് ക്ലബ്ബ് | |
| 3. | ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കൽ | പൂന്തോട്ട നിരീക്ഷണം-സംരക്ഷണം.<br>സ്കൂൾ പച്ചക്കറിത്തോട്ടം, നിർമ്മാണം, പരിപാലനം.<br>വിദ്യാലയമുറ്റത്തെ വൃക്ഷങ്ങൾ തിരിച്ചറിയൽ. നാടൻ പേരും നാമകരണവും<br>ഔഷധോദ്യാനം- സംരക്ഷണം തിരിച്ചറിയൽ.<br>പരിസ്ഥിതി സംരക്ഷണം.<br>പാഴ്വസ്തുക്കളെ ഉപയോഗശൂന്യമാക്കൽ. | ഒരു വർഷം<br>6 മാസം | പരിസ്ഥിതി ക്ലബ്ബ്, പി.ടി.എ<br>പരിസ്ഥിതി ക്ലബ്ബ്, പി.ടി.എ<br>പരിസ്ഥിതി ക്ലബ്ബ് | 1000<br>1000 |

| | | | | | |
|---|---|---|---|---|---|
| | | ജൈവവളനിർമ്മാണം(ബയോ കംമ്പോസ്റ്റ്) | 1 വർഷം | | |
| 4. | ജീവിതത്തെ സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തൽ | പ്രൊജക്ടർ ഉപയോഗിച് ജീവിയുടെ ആവാസവ്യവസ്ഥ, ശബ്ദം, നിറം, സഞ്ചാരരീതി, ഭക്ഷണരീതി മുതലായവ.<br>പ്രദർശനം<br>ഡിസ്പ്ലേ ബോർഡിൽ മഴക്കാലമാറ്റങ്ങൾ ദൃശ്യവത്ക്കരിക്കൽ.<br>സൗരയൂഥം ദൃശ്യവത്കരിക്കൽ.<br>ഇന്ത്യൻ സ്വാതന്ത്ര്യസമരം-വിവിധ ഘട്ടങ്ങളിലൂടെ ദൃശ്യവത്കരിക്കൽ.<br>ദിനാചരണം-പ്രശസ്തരുടെ വീഡിയോ പ്രദർശനം (ജീവചരിത്രം).<br>പ്രാചീന കൃഷിരീതിയും ആധുനിക കൃഷിരീതിയും- സിഡി പ്രദർശനം.<br>വീട് നിർമ്മാണം.<br>വിവിധതരം വാഹനങ്ങൾ-സഞ്ചാരരീതി | 1 വർഷം | ഐ.ടി. അധ്യാപകൻ, SRG, PTA. | 1000 |
| 5 | ശാസ്ത്രം മറ്റ് വിഷയങ്ങളുമായി ബന്ധപ്പെടുത്തൽ | **മലയാളം**<br>പാഠഭാഗം ദൃശ്യവത്കരിക്കൽ- വീഡിയോ<br>കവിത, പദ്യം,കഥ- പാരായണം ഓഡിയോ അക്ഷരങ്ങൾ, അക്ഷരപ്പാട്ടുകൾ, അക്ഷരച്ചിത്രങ്ങൾ, ഡിസ്പ്ലേ ബോർഡിൽ പ്രദർശനം.<br>അക്ഷരങ്ങൾ-ഉച്ചാരണം-ഓഡിയോ.<br>**ഗണിതം**<br>ജ്യാമിതീയരൂപങ്ങൾ ദൃശ്യവത്കരിക്കൽ<br>പ്ലാറ്റേൺ പ്രദർശനം-ഡിസ്പ്ലേ ബോർഡിൽ | ഭാഷാക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്<br>1 വർഷം | 1000 | |

| | | | | | |
|---|---|---|---|---|---|
| | | ഗണിതപ്പാട്ടുകൾ- ഓഡിയോ | | ഗണിതക്ലബ്ബ്<br>ശാസ്ത്ര ക്ലബ്ബ് | |
| 1 | ശാസ്ത്രലാബ് | അനുയോജ്യമായ സ്ഥലം കണ്ടെത്തൽ<br>ലാബിലേക്ക് ആവശ്യമായ സാമഗ്രികൾ കണ്ടെത്തൽ<br>സാമഗ്രികൾ സജ്ജീകരണം | 6 മാസം | ശാസ്ത്രക്ലബ്ബ്, ക്ലബ്ബ് കൺവീനർ<br>HM, SRG, SSG, PTA<br>സ്പോൺസർ | |
| 2. | പൂന്തോട്ടനിർമ്മാണം | അനുയോജ്യമായ സ്ഥലം കണ്ടെത്തൽ<br>നിർമ്മാണ സാമഗ്രികൾ, സജ്ജീകരണം<br>വിത്ത്/ചെടികൾ ശേഖരണം<br>ഗ്രോബാഗ് പൂച്ചട്ടികൾ<br>ജലസേചന സൗകര്യം<br>വളം<br>ചുറ്റും വേലിനിർമ്മാണം | | പരി<br>സ്ഥിതി ക്ലബ്ബ്, ക്ലബ്ബ് കൺവീനർ HM, SRG, PTA | |
| 3. | ബയോഗ്യാസ് പ്ലാന്റ് | സ്ഥലം സജ്ജീകരണം<br>സാമഗ്രികൾ ഒരുക്കൽ | | പരി<br>സ്ഥിതി ക്ലബ്ബ്, ക്ലബ്ബ് കൺവീനർ, HM, SRG, SSG, PTA | |
| 4. | ജൈവ പച്ചക്കറിത്തോട്ടം | അനുയോജ്യമായ സ്ഥലം കണ്ടെത്തൽ<br>നിർമ്മാണസാമഗ്രികൾ സജ്ജീകരണം<br>വിത്ത്-തൈകൾ ശേഖരണം<br>കൃഷി ഓഫീസറുടെ സേവനം<br>പ്രാദേശിക കർഷകന്റെ സാമീപ്യം<br>കൃഷിയിടം സന്ദർശനം | | ഹരിത ക്ലബ്ബ്, പരി<br>സ്ഥിതി ക്ലബ്ബ്, ക്ലബ്ബ് കൺവീനർ HM, SRG, SSG, PTA<br>സ്പോൺസർ | |

| | | | | | |
|---|---|---|---|---|---|
| | | (ഫീൽഡ് ട്രിപ്പ്)<br>ജലസേചന സൗകര്യം<br>വളം<br>ജൈവവേലി ഒരുക്കൽ | | | |
| 5. | ഔഷധോദ്യാനം | അനുയോജ്യമായ സ്ഥലം കണ്ടെത്തൽ<br>നിർമ്മാണസാമഗ്രികൾ സജ്ജീകരണം<br>തൈകൾ ശേഖരണം<br>നാട്ടിൻപുറത്തെ ഔഷധസസ്യങ്ങൾ കണ്ടെത്തൽ<br>ആയുർവ്വേദ വിദഗ്ധരുടെ ക്ലാസ്, സെമിനാർ സംഘാടനം<br>നാട്ടുവൈദ്യന്മാരുടെ സേവനം<br>ഔഷധോദ്യാനം സന്ദർശനം | | ശാസ്ത്ര ക്ലബ്ബ്, ക്ലബ്ബ് കൺവീനർ | 20000 |

**മേഖല : അക്കാദമികം**
**ഉപമേഖല : ശാസ്ത്രം**
**പേര് : മേളകൾ**

| Sl. No. | ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഏജൻസി |
|---|---|---|---|---|---|
| 1. | ശാസ്ത്രം | സ്കൂൾതല ശാസ്ത്രമേളയില് എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.<br>മികച്ചവരെ കണ്ടെത്തി ഉപജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ. | 1 വർഷം<br>വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ്ബ്, ക്ലബ്ബ് കൺവീനർ, എസ്. ആർ.ജി<br>സയൻസ് ക്ലബ്ബ് | 10000 |

**മേഖല : അക്കാദമികം**
**ഉപമേഖല : അടിസ്ഥാനഗണിത ശേഷി വികസിപ്പിക്കൽ (+, - , x, ÷)** ഗണിതം

| Sl. No. | ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം/ ഏജൻസി |
|---|---|---|---|---|---|
| 1. | നിത്യജീവിതത്തിലെ പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ | കളികളിലൂടെയുള്ള പ്രവർത്തനം (സങ്കലനം വ്യവകലനം ചെയ്യൽ)<br>ഊഹിച്ചു ചെയ്യാനുള്ള പ്രവർത്തനം<br>(സങ്കലനം, വ്യവകലനം, ചിത്രങ്ങളുടെ എണ്ണം കണ്ടെ | 1 വർഷം | ഗണിത ടീച്ചർ, വിദ്യാർത്ഥികൾ | |

| | | | | | |
|---|---|---|---|---|---|
| | | ത്തൽ)<br>ചാൺ, അടി, നീളം, വീതി അളവുകൾ കണ്ടെത്തൽ. (ക്ലാസ്റൂമിന്റെ നീളം, വീതി എന്നിവ അടി, ചാൺ ഉപ യോഗിച്ച് കണ്ടെത്തൽ)<br>ബക്കറ്റിലെ വെള്ളത്തിന്റെ അളവ് കണ്ടെത്തൽ<br>ക്ലോക്കിലെ സമയം തിരിച്ചറിയുന്ന പ്രവർത്തനം (ക്ലോക്ക് നിർമ്മാണം)<br>കലണ്ടറിലെ പാറ്റേണുകൾ കണ്ടത്തൽ<br>ക്ലാസ്റൂം ക്രമീകരണം (ഒരടി വ്യത്യാസത്തിൽ ഓരോ ബെഞ്ചും ക്രമീകരിക്കുക) | 6 മാസം<br>1 മാസം<br>1 മാസം<br>1 ആഴ്ച | ഗണിത ടീച്ചർ, വിദ്യാർത്ഥി കൾ<br>,,<br>,, | |
| 2. | യുക്തിചിന്ത വികസിപ്പിക്കുന്ന തിന് പ്രാപ്തരാക്കുക | പാറ്റേൺ തയ്യാറാക്കൽ<br>ആകൃതി ചിത്രങ്ങൾ തയ്യാറാക്കൽ<br>രൂപങ്ങൾകൊണ്ടുള്ള ചിത്രം (Δ, , ○) തയ്യാറാക്കൽ.<br>കളങ്ങൾ പൂർത്തിയാക്കൽ (സംഖ്യാചതുരം)<br>ചിത്രം നോക്കി എണ്ണം കണ്ടെത്തൽ<br>മാന്ത്രികചതുരം, വൃത്തം പൂർത്തിയാക്കൽ<br>വലുത് ചെറുത് കണ്ടെത്തൽ<br>ക്രമപ്പെടുത്തൽ, കൂട്ടങ്ങളാക്കൽ, വരച്ച് യോജിപ്പിക്കൽ.<br>തുല്യ ഭാഗങ്ങളാക്കൽ<br>* സംഖ്യാമാല പൂർത്തിയാക്കൽ<br>മനക്കണക്ക് ചെയ്യൽ<br>ക്ലോക്ക് നിർമ്മാണം. | 1 മാസം<br>2 മാസം | ഗണിതടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | പഠനസാമഗ്രികൾ, മോഡൽ തയ്യാറാക്കൽ | | | |
